# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2399 — 18.06.2014 - ൽ മറുപടിയ്ക്ക്

## ആലപ്പുഴ മെഡിക്കൽ കോളേജിൽ രാത്രി ഡ്യൂട്ടിക്ക് ഡോക്ടർമാരെ നിയമിക്കാൻ നടപടി

| ചോദ്യം<br>**ശ്രീ. ജി. സുധാകരൻ** | മറുപടി<br>**ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ രാത്രി ഡ്യൂട്ടിക്ക് ഡോക്ടർമാരില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ആലപ്പുഴ മെഡിക്കൽ കോളേജിൽ രാത്രി ഡ്യൂട്ടിക്ക് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(സി) രാത്രി ഡ്യൂട്ടിക്ക് ദിവസേന എത്ര ഡോക്ടർമാരെയാണ് നിയോഗിച്ചിട്ടുള്ളത്; ഇവർ കൃത്യമായി ഡ്യൂട്ടി നോക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധന നടത്താറുണ്ടോ? | (എ), (ബി) & (സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ താഴെ പറയും പ്രകാരം ഡോക്ടർമാരെ രാത്രി ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്.<br>1) **പീഡിയാട്രിക് സർജറി**: ഒരു ഡ്യൂട്ടി ഹൗസ് സർജൻ (24 മണിക്കൂർ), പ്രൈമറി ഡോക്ടർ (കോൾ ഡ്യൂട്ടിയിൽ അസിസ്റ്റന്റ് പ്രൊഫസർ)<br>2) **ന്യൂറോ സർജറി** : റെസിഡന്റ് ഡോക്ടർമാർ, പ്രൈമറി കോൾ ഡ്യൂട്ടിക്ക് എപ്പോഴും ലഭ്യമാണ്.<br>3) **ഒബ്സ്റ്റട്രിക്സ് &ഗൈനക്കോളജി:** 14 ഡോക്ടർമാർ, പ്രൈമറി കോൾ ഡ്യൂട്ടിക്ക് എപ്പോഴും ലഭ്യമാണ്.<br>4) **മെഡിസിൻ:** ഒരു ഡ്യൂട്ടി മെഡിക്കൽ ഓഫീസർ, ഒരു ഡ്യൂട്ടി പി.ജി., രണ്ട് ഹൗസ് സർജൻ<br>5) **ഓറൽ & മാക്സിലോ ഫേഷ്യൽ സർജറി:** 24 മണിക്കൂറും ഈ വിഭാഗത്തിൽ സേവനം ലഭ്യമാണ്.<br>6) **സർജറി** : ഒരു ഡ്യൂട്ടി മെഡിക്കൽ ഓഫീസർ, ഒരു ജൂനിയർ റെസിഡന്റ് രണ്ട്- മൂന്ന് ഹൗസ് സർജൻ<br>7) **ഓർത്തോ:** മൂന്ന് ഡോക്ടർമാർ അത്യാഹിതം, തീയേറ്റർ, വാർഡ്, നിരീക്ഷണ മുറി എന്നിവിടങ്ങളിൽ എപ്പോഴും ഉണ്ടായിരിക്കും.<br>8) **യൂറോളജി:** അത്യാഹിത വിഭാഗത്തിൽ നിന്ന് അറിയിച്ചാലുടൻ ഡ്യൂട്ടി ഓൺ കാൾ ഡോക്ടർ എത്തുന്നതാണ്.<br>9) **ഇ.എൻ.ടി** : ഒരു മെഡിക്കൽ ഓഫീസർ (ഓൺ കോൾ), ഒരു പി.ജി, ഒരു ഹൗസ് സർജൻ (24 മണിക്കൂർ) |

സെക്ഷൻ ഓഫീസർ